# ഇതെന്റെ മാംസമാണെടുത്തുകൊള്ളുക

രാഘവൻ ചന്ദനത്തിരിക്കച്ചവടക്കാരനാണ്. എന്നു വെച്ചാൽ ചന്ദനത്തിരി ഉണ്ടാക്കുന്നതും വിൽക്കുന്നതുമൊക്കെ അയാൾ തന്നെ. തനിയെ എന്നു പറയാൻ വയ്യ. ഭാര്യ ഭാരതി ഒപ്പമുണ്ട്. രാത്രി ഒരു മണി വരെ ചന്ദനത്തിരിയ്ക്കുള്ള കൂട്ട് കുഴയ്ക്കലും തിരിയുണ്ടാക്കലും ഉണക്കാൻ വെയ്ക്കലുമൊക്കെ ഭാരതിയാണ്. മകൻ രവിയും സ്കൂൾ വിട്ടെത്തിയാൽ അമ്മയെ സഹായിയ്ക്കാനിരിയ്ക്കും. അച്ഛൻ ചന്ദനത്തിരി വിൽക്കാൻ വീടുവീടാന്തിരം കയറിയിറങ്ങുമ്പോൾ അവൻ കടയിലും നിൽക്കും. ഈ കച്ചവടത്തിൽ നിന്ന് ജീവിച്ചു പോവാനുള്ള വരുമാനം കൂടി അവർക്കു കിട്ടുന്നില്ല. അപ്പോഴാണ് മോഹൻ പിള്ള മോഹിപ്പിയ്ക്കുന്ന വാഗ്ദാനങ്ങളും ഉപദേശങ്ങളുമായി രാഘവന്റെ അടുത്തെത്തുന്നത്. നഗരത്തിലെ ഉഡുപ്പി ഹോട്ടലുകളിൽ കത്തിയ്ക്കാൻ കെട്ടുകണക്കിന് ചന്ദനത്തിരികൾ വേണം. പക്ഷേ അവരെ സമീപിച്ച രാഘവന് നിരാശയായിരുന്നു ഫലം. കയറ്റുമതിക്കാരനായ കൂട്ടുകാരന് പതിനായിരക്കണക്കിൽ ചന്ദനത്തിരികൾ വേണമെന്നായിരുന്നു മോഹൻപിള്ളയുടെ വാഗ്ദാനം. വെളുപ്പാൻ കാലം നാലുമണി വരെ ഉറക്കമൊഴിച്ചിരുന്ന് രാഘവനും ഭാരതിയും ചന്ദനത്തിരികളുണ്ടാക്കി. കയറ്റുമതിക്കാര്യങ്ങൾ ചർച്ച ചെയ്യാൻ പിറ്റേന്ന് കൂട്ടുകാരനേയും കൂട്ടി വരാം എന്നു പറഞ്ഞ മോഹൻ പിള്ള പിന്നെ അവിടേയ്ക്കു വന്നതേയില്ല. കച്ചവടമാണെങ്കിൽ വളരെ മോശമായിരിയ്ക്കുന്നു. തൊട്ടടുത്ത് വലിയ ഒരു കട വന്നിട്ടുണ്ട്. ഒരു വീട്ടിലേയ്ക്കു വേണ്ട എല്ലാ സാധനങ്ങളും അവിടെ കിട്ടും. മോഹൻ പിള്ളയേയും കൂട്ടുകാരനേയും കാത്ത് ഒരാഴ്ച പിന്നിട്ടു. അടുത്ത ദിവസം ചന്ദനത്തിരിയ്ക്കുള്ള അസംസ്കൃതവസ്തുക്കൾ വാങ്ങാനിറങ്ങിയ രാഘവൻ ആ വലിയ കടയുടെ മുന്നിൽ നിൽക്കുന്ന മോഹൻ പിള്ളയെ കണ്ടു. തന്നോടു പറയാറുള്ള അതേ വാചകങ്ങൾ ആ കടയുടമസ്ഥനോടു പറയുകയാണ് അയാൾ. അയാളുടെ കണ്ണിൽപ്പെടാതെ രാഘവൻ തിരിച്ച് വീട്ടിലെത്തിയപ്പോൾ കയ്യിൽ ചന്ദനക്കൂട്ടിന്റെ ഉരുളയുമായി ചുമരു ചാരി വായ് തുറന്ന് ഉറങ്ങുന്ന ഭാരതിയേയാണ് കണ്ടത്. അവളെ എടുത്തു കൊണ്ടുപോയി കട്ടിലിൽ കിടത്തി അയാൾ അടുക്കളയിലേയ്ക്കു ചെന്നു. എല്ലാ പാത്രങ്ങളും ശൂന്യം. പണിത്തിരക്കിനിടയിൽ ഭാരതി ഊണൊന്നുമുണ്ടാക്കിയിട്ടില്ല. രാഘവൻ ചോറും കൂട്ടാനുമുണ്ടാക്കുന്നതിനിടയിൽ ഭാരതി ഉറക്കമെഴുന്നേറ്റു വന്നു. നമുക്ക് ഊണു കഴിച്ച് ഒരു സിനിമയ്ക്കു പോവാമെന്ന് രാഘവൻ പറയുന്നു.

'ഒരു വിശ്വാസി' എന്ന കഥയുടെ ചുരുക്കമിതാണ്. ഇ. ഹരികുമാർ സ്വന്തം ജീവിതം കീറിയെടുത്തതാണ് ഈ കഥ. പതിനേഴു വയസ്സിൽ ജോലി തേടി കൽക്കത്തയിലും തുടർന്ന് ദില്ലിയിലും ബോംബെയിലും എത്തി. ധനശ്ശാസ്ത്രബിരുദധാരിയായ അദ്ദേഹം ജോലിയിൽനിന്ന് ആർജ്ജിച്ച വിജ്ഞാനം കൊണ്ട് എൻജിനീയറിങ്ങ് ഉൽപ്പന്നങ്ങളുടെ ഇടനില വ്യാപാരിയായി. രണ്ടു കമ്പനികളിൽനിന്ന് ഇന്നത്തെ നിലയിൽ കോടികളുടെ ഓർഡർ 'ചുണ്ടിനും കോപ്പയ്ക്കുമിടയിൽ' തുളുമ്പിപ്പോയതോടെ ജീവിതം വഴിമുട്ടി. വീടു വിറ്റ് എല്ലാ കടങ്ങളും വീട്ടി തൃശ്ശൂരിൽ തിരിച്ചെത്തുമ്പോൾ കയ്യിൽ ബാക്കിയായത് എൺപതിനായിരം ഉറുപ്പിക. അതു മുതലിറക്കി തുടങ്ങിയ തൃശ്ശൂരിലെ പേന വ്യാപാരം അവസാനിച്ചപ്പോൾ രണ്ടു കൈകളും ശൂന്യം. ബോംബേജീവിതത്തിൽ പിടിച്ചു നിൽക്കാൻ ഉപകരിച്ച രണ്ടു ഡെക്കുകളും കൊണ്ട് എറണാകുളത്ത് അഭയം തേടി. കാസ്സെറ്റുകളുടെ കാലമായിരുന്നു അത്. പാട്ടുകൾ റെക്കോഡു ചെയ്തുകൊടുക്കുന്ന കച്ചവടമായിരുന്നു പിന്നെ പയറ്റിയത്. രാത്രിയും പകലും ഉറക്കം പോലും ഉപേക്ഷിച്ച് പണിയെടുക്കാൻ ലളിതയും ഉണ്ടായിരുന്നു. അതു മെച്ചമായി. കയ്യിൽ കുറച്ചു പണമുണ്ടായി. സ്വന്തമായി വീടുണ്ടായി. എന്നിട്ടും ജീവിതം ഹരികുമാറിനെതിരെ തിരിഞ്ഞുനിന്നു. ഇത്തവണ അത് അസുഖങ്ങളുടെ രൂപത്തിലായിരുന്നു. വിശ്രമമില്ലാത്ത ജീവിതം സമ്മാനിച്ചതാവാം. അനുജൻ ഡോ. ദിവാകരനും ലളിതയുടെ ബന്ധുക്കളും ഉള്ളതുകൊണ്ട് തൃശ്ശൂരിലേയ്ക്കു തന്നെ വീണ്ടുമെത്തി.

ബോംബേ പോലെയല്ല. എറണാകുളത്തെ ജീവിതം ഹരികുമാറിന് ലാഭമാണുണ്ടാക്കിയത്. അല്ലെങ്കിൽ ഒരെഴുത്തുകാരന്റെ ജീവിതത്തിലെ ലാഭനഷ്ടങ്ങൾ കണക്കുകൂട്ടുന്നതിൽ എന്താണർത്ഥം? ആ ദുരിതങ്ങൾ സമ്മാനിച്ച സമ്പന്നമായ ഒരു സാഹിത്യം ഹരികുമാറിന്റെ ഭാണ്ഡത്തിൽ ഉണ്ടല്ലോ. ഇരുന്നൂറോളം ഈടുറ്റ കഥകൾ, ഒമ്പതു നോവലുകൾ, രണ്ടു തിരക്കഥകൾ, ഒരു നാടകം, പിന്നെ എണ്ണമറ്റ അനുഭവക്കുറിപ്പുകൾ. ഒരെഴുത്തുകാരന്റെ ജന്മം സാർത്ഥകമാവാൻ ഇതിൽപ്പരം എന്തു വേണം?

ഹരികുമാറിന്റെ കഥകളോട് എനിയ്ക്ക് പ്രിയം തോന്നാനുള്ള കാരണങ്ങളിൽ ഒന്ന് ഞങ്ങൾ പിന്നിട്ട കാലത്തിന്റെ സമാനതകളാവാം. അതുകൊണ്ടു തന്നെയാവണം കഴിഞ്ഞ കൊല്ലം മാധ്യമം പത്രത്തിൽനിന്ന് വിഷുവിനേക്കുറിച്ച് ഒരു കുറിപ്പെഴുതാൻ ആവശ്യപ്പെട്ട

പ്പോൾ ഇ. ഹരികുമാറിന്റെ 'വിഷു' എന്ന കഥ ഓർമ്മ വന്നത്. കുമാരൻ, മാധവി, അവരുടെ മകൻ കൃഷ്ണൻകുട്ടി. വേലിയ്ക്കരികിൽ അയൽവക്കത്തു പൊട്ടുന്ന പടക്കങ്ങൾ നോക്കി നിൽക്കുകയാണ് കൃഷ്ണൻകുട്ടി. കുമാരന് അത് അഭിമാനക്ഷതമായി. ആ മാസത്തെ ശമ്പളത്തിൽ ബാക്കിയുള്ള പത്തുറുപ്പികയിൽനിന്ന് അഞ്ചര ഉറുപ്പികയെടുത്ത് അയാൾ പടക്കം വാങ്ങുന്നു. പക്ഷേ ആ പടക്കങ്ങൾ ഒന്നും പൊട്ടുന്നില്ല. പിറ്റേന്ന് കടയിൽ പരാതി പറയാൻ ചെന്നപ്പോൾ കടക്കാരൻ പുച്ഛിയ്ക്കുന്നു. ദരിദ്രന്റെ പടക്കങ്ങൾ പൊട്ടണമെന്നു നിർബ്ബന്ധമില്ലെന്ന് അപ്പോഴാണ് അയാൾക്കു മനസ്സിലാവുന്നത്. ഇത്രയുമാണ് കഥയുടെ ചുരുക്കം. പക്ഷേ എഴുതണമെങ്കിൽ അത് ഒന്നു കൂടി വായിയ്ക്കണം. ഹരികുമാറിന്റെ ഏതു സമാഹാരത്തിലാണ് അതു വന്നിട്ടുള്ളതെന്ന് ഓർമ്മയില്ല. പുസ്തകങ്ങൾ ഒരടുക്കും ചിട്ടയുമില്ലാതെയാണ് വെച്ചിട്ടുള്ളത്. തപ്പിയെടുക്കാൻ നേരമില്ല. അതിനു പുറപ്പെട്ടാൽത്തന്നെ അധികവും കാണാറുമില്ല. പ്രത്യേകിച്ചും ഇ. ഹരികുമാർ പലർക്കും പ്രിയപ്പെട്ടതായതുകൊണ്ട് ആരെങ്കിലും വായിയ്ക്കാൻ കൊണ്ടുപോയിട്ടുണ്ടാവും. എളുപ്പവഴി ഹരികുമാറിനെ വിളിയ്ക്കുകയാണെന്നു തോന്നി. ലളിതയാണ് ഫോണെടുത്തത്. 'ദിനോസറിന്റെ കുട്ടി', അവർ പറഞ്ഞു. ലളിത ഭർത്താവിന്റെ കഥകളുടെ ചലിയ്ക്കുന്ന വിജ്ഞാനകോശമാണ്.

'ദിനോസറിന്റെ കുട്ടി' തപ്പിയെടുത്തു. 'വിഷു'വിനും 'ദിനോസറിന്റെ കുട്ടി'യ്ക്കും പുറമേ 'സന്ധ്യയുടെ നിഴലുകൾ', 'ബസ് തെറ്റാതിരിയ്ക്കാൻ', 'വളരെ പഴകിയ ഒരു പാവ', 'സർക്കസ്സിലെ കുതിര', 'ഒരു കങ്ഫ്യൂ ഫൈറ്റർ', 'വെറുമൊരു ബ്ലാക് മെയ്ലർ', 'കറുത്ത സൂര്യൻ', 'സ്ത്രീ ഗന്ധമുള്ള ഒരു മുറി', പിന്നെ എനിയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട 'ഒരു ദിവസത്തിന്റെ മരണം'. 'വിഷു' വായിയ്ക്കാനാണ് എടുത്തതെങ്കിലും ഞാൻ ഈ കഥകളിലൂടെയൊക്കെ ഒരിയ്ക്കൽക്കൂടി, എൻ. വി. കൃഷ്ണവാരിയർ സുഗതകുമാരിയുടെ 'പാവം മാനവഹൃദയ'ത്തിനെഴുതിയ അവതാരികയിൽ പറഞ്ഞതു പോലെ, 'അനിച്ഛാപൂർവ്വകം ഒഴുകിനടക്കുകയാണുണ്ടായത്'.

ചെറുകഥയ്ക്കുള്ള 1989-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് 'ദിനോസറിന്റെ കുട്ടി'യ്ക്കായിരുന്നു. അത് ഹരികുമാറിന്റെ മൂന്നാമത്തെയോ നാലാമത്തെയോ പുസ്തകമാണ്. 'കൂറകൾ' എന്ന ആദ്യസമാഹാരം ഇറങ്ങിയ കാലത്ത് എനിയ്ക്ക് പുസ്തകങ്ങൾ വാങ്ങാനുള്ള ശേഷിയായിരുന്നില്ല. ആ പുസ്തകം വായിച്ചിട്ടുള്ളത് എന്റെ കൂട്ടുകാരൻ പ്രവീൺകുമാറിന്റെ കയ്യിൽനിന്നു വാങ്ങിയാണ്. 'കൂറകൾ' പ്രവീണന് ഏറെ ഇഷ്ടപ്പെട്ട കഥയായിരുന്നു. അതിലുമേറെ അയാൾക്കിഷ്ടം അതിലെ 'പ്രാകൃതനായ തോട്ടക്കാരൻ' ആയിരുന്നു. പുസ്തകത്തിന്റെ പുറംചട്ട ഇളകിപ്പോന്നിട്ടും പുറങ്ങൾ കീറിത്തുടങ്ങിയിട്ടും പ്രവീൺ ആ പുസ്തകം പൊന്നു പോലെ സൂക്ഷിച്ചു.

ബോംബെയിൽ ജീവിയ്ക്കുന്ന കാലമായിരുന്നു അത്. ഞാൻ പണിയെടുക്കുന്ന ഓഫീസിലേക്ക് വിലാസം തെറ്റി ഒരു കത്തു വന്നു. അത് ഇ. ഹരികുമാറിനുള്ളതായിരുന്നു. ജുഹുവിലുള്ള വീടിന്റേതാണ് വിലാസം. എങ്ങനെയാണ് അത് നരിമാൻ പോയന്റിലുള്ള എന്റെ ഓഫീസിൽ എത്തിയതെന്ന് ഇപ്പോഴുമറിയില്ല. ഏതായാലും ആ വിലാസം ഞാൻ ഒരു കടലാസ്സിൽ പകർത്തി വെച്ചു. ഒരു ദിവസം ആ വിലാസക്കാരനെ തേടിപ്പോവണം എന്നു നിശ്ചയിച്ചു. സ്വതസ്സിദ്ധമായ അലസത കൊണ്ട് അത് നീണ്ടുനീണ്ടു പോയി.

ആയിടയ്ക്കാണ് താജ് ആർട്ട് ഗാലറിയിൽ കെ. ദാമോദരന്റെ ഒരു ചിത്രപ്രദർശനത്തിന് പ്രവീണും ഞാനും പോയത്. കെ. ദാമോദരനുമായുള്ള മുൻസൗഹൃദം പുതുക്കുന്നതിനിടെ ഹരികുമാറിനെ കാണാറുണ്ടോ എന്ന് അദ്ദേഹം ഞങ്ങളോട് അന്വേഷിച്ചു. ബോംബെയിലായിരുന്നിട്ടും ഇതുവരെ കണ്ടിട്ടില്ലെന്നു ഞങ്ങൾ അൽപം ജാള്യത്തോടെ അറിയിച്ചു. ചിത്രപ്രദർശനത്തേപ്പറ്റി അറിഞ്ഞാൽ ഹരികുമാർ താജിൽ വരുമെന്ന് ദാമോദരൻ പറഞ്ഞു. പക്ഷേ അറിയിയ്ക്കാൻ സാധിച്ചിട്ടില്ല. എന്റെ കയ്യിലെ വിലാസത്തേപ്പറ്റി അപ്പോഴാണ് ഞാനോർത്തത്. പക്ഷേ തപ്പിയിട്ടും തപ്പിയിട്ടും അത് കണ്ടെത്താനായില്ല. പ്രദർശനം അവസാനിയ്ക്കുന്ന നിമിഷം വരെ ദാമോദരനും ഞങ്ങളും ഹരികുമാറിനെ കാത്തിരുന്നു. ഹരികുമാർ എത്തിയില്ല. ഇതിന്റെ പശ്ചാത്തലത്തിലാണ് പ്രവീണും ഞാനും കൂടി 'ചിത്രപ്രദർശനം' എന്ന കഥയെഴുതിയത്.

ഹരികുമാറിനെ നേരിട്ടു കാണുന്നത് വളരെ വർഷങ്ങൾക്കു ശേഷമാണ്. കെ. ജി. രഘുരാമന്റെ 'സരോവരം' മാസികയ്ക്കു വേണ്ടി സംസാരിയ്ക്കാൻ എൻ. രാജനും ഞാനും കൂടി ഹരികുമാറിന്റെ എറണാകുളത്തുള്ള വീട്ടിൽ പോയപ്പോൾ. 'കഥയുള്ള രാത്രിയിൽ' എന്ന പേരിൽ വന്ന ആ അഭിമുഖസംഭാഷണത്തിൽ ഹരികുമാർ പറഞ്ഞ ഒരു വാചകം ഇപ്പോഴും ഓർമ്മയുണ്ട്: ''എഴുത്തിന്റെ കാര്യത്തിൽ വളരെയൊന്നും അദ്ധ്വാനിയ്ക്കുന്ന

പതിവ് എനിയ്ക്കില്ല. എനിയ്ക്കറിയാവുന്ന സംഭവങ്ങളേ ഞാനെഴുതാറുള്ളു. എഴുതാൻ വേണ്ടി മാത്രം സംഭവങ്ങളുടെ പിറകേ പോവാറില്ല.''

വിഷുവിനേക്കുറിച്ച് എഴുതിയതിനു ശേഷം ഞാൻ എന്റെ പുസ്തകശേഖരം ഒന്നു കുടഞ്ഞുപരിശോധിച്ചു. ഹരികുമാറിന്റെ എത്ര പുസ്തകങ്ങളുണ്ട് എന്റെ പക്കൽ? 'കുങ്കുമം വിതറിയ വഴികൾ', 'കനഡയിൽനിന്നൊരു രാജകുമാരി', 'ദിനോസറിന്റെ കുട്ടി', 'വൃഷഭത്തിന്റെ കണ്ണ്' എന്നിവ പഴയ ക്രൗൺ വലിപ്പത്തിലുള്ളത്. ആദ്യത്തെ രണ്ടിന്റേയും പുറംചട്ട ഇളകിപ്പോന്നിരിയ്ക്കുന്നു. മറ്റു രണ്ടിനും കാര്യമായ പരിക്കുകളൊന്നുമില്ല. 'പച്ച പ്പയ്യിനെ പിടിയ്ക്കാൻ', 'ശ്രീപാർവ്വതിയുടെ പാദം', 'ദൂരെ ഒരു നഗരത്തിൽ' എല്ലാം ഡമ്മി വലിപ്പത്തിലുള്ളതാണ്. അവയെല്ലാം നല്ല സ്ഥിതിയിലാണ്. പുസ്തകനിർമ്മാണത്തിൽ കൂടുതൽ നല്ല സാങ്കേതികവിദ്യ കൈവന്നതുകൊണ്ട് പെട്ടെന്ന് കേടുവരില്ല. വേറേയും പസ്തകങ്ങളുണ്ട്. അതിൽ ഹരികുമാർ സമ്മാനിച്ചവയും പെടും. 'ആസക്തിയുടെ അഗ്നി നാളങ്ങൾ', 'എൻജിൻ ഡ്രൈവറെ സ്നേഹിച്ച പെൺകുട്ടി', 'അറിയാത്തലങ്ങളിലേയ്ക്ക്', 'എന്റെ സ്ത്രീകൾ', 'ഇളവെയിലിന്റെ സാന്ത്വനം'.

'ഇളവെയിലിന്റെ സാന്ത്വനം' ഹരികുമാറിന്റെ തിരഞ്ഞെടുത്ത കഥകളാണ് എന്നു പറയാം. 1966 മുതൽ 1996 വരെയുള്ള കാലത്ത് എഴുതിയ കഥകളിൽനിന്ന് തിരഞ്ഞെടുത്ത 24 കഥകൾ. ഏഴു കഥ തികയ്ക്കുമ്പോഴേയ്ക്കും സമ്പൂർണസമാഹാരം ഇറക്കാൻ തിടുക്ക പ്പെടുന്ന എഴുത്തുകാരുടെ ലോകത്താണ് തന്റെ ഇരുന്നൂറോളം വരുന്ന കഥകളിൽനിന്ന് 24 കഥകൾ തിരഞ്ഞെടുക്കാൻ ഹരികുമാർ മിനക്കെട്ടതെന്ന് ഓർക്കണം. ഹരികുമാറിന്റെ തിര ഞ്ഞെടുത്ത കഥകൾ ഇതുവരെ ഇറങ്ങിയിട്ടില്ല. അത്തരം കാര്യങ്ങളിലെല്ലാം ഹരികുമാർ തികഞ്ഞ ഉദാസീനതയാണ് കാണിച്ചു പോന്നിട്ടുള്ളത്.

ഹരികുമാറിന്റെ കഥകൾ എല്ലായ്പ്പോഴും സമൂഹത്തിലെ നിന്ദിതരോടും ദരിദ്ര രോടും അനുഭാവം പുലർത്തുന്നവയാണ്. 'ഒരു ദിവസത്തിന്റെ മരണ'ത്തിലെ കൗസല്യ, 'അലക്കുയന്ത്ര'ത്തിലെ രാധ, 'ദേശാടനക്കിളി പോലെ അവ'ളിലെ പേരറിയാത്ത വേശ്യ .... ഇങ്ങനെ എണ്ണിയാൽത്തീരാത്തത്ര കഥാപാത്രങ്ങളുണ്ട് ഹരികുമാറിന്റെ കഥകളിൽ. പെണ്ണുങ്ങളോട് ഇത്രയധികം അനുഭാവം പുലർത്തുന്ന ഒരു കഥാകൃത്ത് നമുക്കു വേറെയു ണ്ടെന്നു തോന്നുന്നില്ല. ''ഒരുപക്ഷേ എഴുത്തുകാരികളിൽ മാധവിക്കുട്ടി ഒഴിച്ച് മറ്റുള്ളവരേ ക്കാൾ സ്ത്രീപക്ഷകഥകൾ രചിച്ചിട്ടുള്ളത് പുരുഷനായ ഞാനാണെന്നു തോന്നുന്നു'' എന്ന് 'എന്റെ സ്ത്രീകൾ' എന്ന പുസ്തകത്തിനുള്ള ആമുഖത്തിൽ ഹരികുമാർ അവകാശപ്പെടു ന്നുണ്ട്. ഇവയെല്ലാം പക്ഷേ വെറും സ്ത്രീപക്ഷകഥകൾ എന്ന മട്ടിൽ വായിച്ചാൽപ്പോരാ. പലപല മാനങ്ങളുമുണ്ട് ഈ കഥകൾക്ക്. വായനക്കാർക്ക് തന്റെ കഥകളുടെ ആഴത്തി ലേയ്ക്കു നീങ്ങാൻ ആഖ്യാനത്തിലെ ലാളിത്യം തടസ്സമാവുന്നുണ്ട് എന്ന് ഒരിടത്ത് ഹരികു മാർ ഖേദിയ്ക്കുന്നുമുണ്ട്. നിരൂപകരുടെ ശ്രദ്ധയും ഹരികുമാറിന്റെ കഥകളിൽ വേണ്ടത്ര പതിഞ്ഞിട്ടില്ല. ഹരികുമാർ ഒരിയ്ക്കലും നല്ല ഒരു വിൽപ്പനക്കാരനായിരുന്നിട്ടില്ലല്ലോ.

'ഒരു വിശ്വാസി'യിൽ മാത്രമല്ല ഒരു വിൽപ്പനക്കാരൻ ഹരികുമാറിന്റെ കഥകളിൽ പലപ്പോഴായി പ്രത്യക്ഷപ്പെടുന്നുണ്ട്. 'ദിനോസറിന്റെ കുട്ടി', 'സർക്കസ്സിലെ കുതിര', 'ചെപ്പ ടിക്കാരനും ഞാനും' എന്നിങ്ങനെ നിരവധി കഥകളിൽ അയാൾ കടന്നു വരുന്നുണ്ട്. അയാളുടെ പ്രത്യേകത അയാൾ എപ്പോഴും ഒരു നഷ്ടക്കച്ചവടക്കാരൻ ആണെന്നതാണ്. എന്നും പരാജയം മാത്രം ഭക്ഷിയ്ക്കുന്നവൻ.

ഇപ്പോഴിതാ, ആ ചീത്ത വിൽപനക്കാരൻ, തന്റെ സമ്പൂർണകൃതികളുമായി ഇറങ്ങി യിരിയ്ക്കുന്നു. ഹരികുമാർ ഇതുവരെ എഴുതിയ കഥകളും നോവലുകളും ലേഖനങ്ങളും തിരക്കഥകളും ഒരു നാടകവും എല്ലാം ഇ-ബുക്കിന്റെ രൂപത്തിൽ. ഇതിൽ ഹരികുമാറിന്റെ 16 ചെറുകഥാസമാഹാരങ്ങളും 10 നോവലുകളും രണ്ട് ഓർമ്മപ്പുസ്തകങ്ങളും അടങ്ങിയിരി യ്ക്കുന്നു. പുസ്തകശാലകളിൽ സ്റ്റോക്കു തീർന്ന പുസ്തകങ്ങൾ അതേ രൂപത്തിൽ ഡൗൺലോഡ് ചെയ്ത് എടുക്കാനുള്ള അനുമതിയുമുണ്ട്. ചെറുകഥകൾ ഓരോന്നായി ഡൗൺലോഡ് ചെയ്തെടുക്കാനുള്ള അനുമതിയ്ക്കു പുറമേയാണിത്. മാത്രമല്ല ഹരികുമാ റിനേക്കുറിച്ച് എഴുതപ്പെട്ടിട്ടുള്ള എല്ലാ ലേഖനങ്ങളും ഇതിലുണ്ട്. ഹരികുമാറിന്റെ കഥ കൾക്കു വരച്ച ചിത്രങ്ങൾ, പുസ്തകങ്ങളുടെ പുറംചട്ടകൾ, കഥ വന്ന ആഴ്ചപ്പതിപ്പിന്റെ മുഖചിത്രങ്ങൾ എന്നിവയും ഉണ്ട്. ഹരികുമാർ ഉൾപ്പെട്ട ചടങ്ങുകളുടെ ഫോട്ടോകളുടെ ഒരു ഫോൾഡർ വേറേയും. ഒരെഴുത്തുകാരൻ തന്റെ അമ്പതു വർഷത്തെ സമ്പാദ്യം മുഴു വൻ 558 മെഗാബൈറ്റിൽ ഒതുക്കിയിരിയ്ക്കുന്നു.

ചീത്ത വിൽപ്പനക്കാരൻ എന്നു പറയുന്നതിനു കാരണമുണ്ട്. ഈ ഇ-പുസ്തകം ഹരികുമാർ വിൽപ്പനയ്ക്കുദ്ദേശിച്ച് ഉണ്ടാക്കിയതല്ല. This book is meant for distribution among research organisations absolutely free of cost എന്ന് ഓരോ പുസ്തകത്തിന്റെ അവകാശപത്രത്തിലും രേഖപ്പെടുത്തിയിട്ടുണ്ട്. മലയാളത്തിൽ, അല്ലെങ്കിൽ ഇന്ത്യയിൽത്തന്നെ ഏതെങ്കിലും എഴുത്തുകാരൻ ഇതിനു മുമ്പ് ഇങ്ങനെ ചെയ്തിട്ടുണ്ടുണ്ടാവില്ല. എന്തിന് ഇന്ത്യ? ലോകത്തിൽത്തന്നെ ആദ്യമായിട്ടാവില്ലേ ഒരെഴുത്തുകാരൻ തന്റെ സ്വത്തുക്കൾ ഇങ്ങനെ കാറ്റത്തിടുന്നത്?

സ്വന്തം കൃതികൾ മാറോടടക്കിപ്പിടിയ്ക്കുകയും വില പേശുകയും ചെയ്യുന്ന എഴുത്തുകാർക്കിടയിൽ എന്തിനാണ് ഇങ്ങനെയൊരു സംരംഭം? ന്യായമായും സംശയിച്ചു പോയി. ''ഇനി ഞാൻ അധികമൊന്നും എഴുതുമെന്നു തോന്നുന്നില്ല,'' ഹരികുമാർ പറയുകയാണ്. ''എന്റെ പുസ്തകങ്ങൾ ഇനി എത്ര ആളുകൾ വാങ്ങി വായിയ്ക്കുമെന്നും എനിയ്ക്കുറപ്പില്ല. അതുകൊണ്ട് എല്ലാം സൈബർ സ്പെയ്സിൽ കിടക്കട്ടെ എന്നു വെച്ചു.'' എഴുത്തുകൊണ്ടു മാത്രം ജീവിയ്ക്കാൻ കഴിയാത്തതുകൊണ്ടാണല്ലോ പലപല കച്ചവടത്തിനിറങ്ങി അദ്ദേഹം കൈപൊള്ളിച്ചത്.

ആർക്കറിയാം ഒരു ഇരുന്നൂറോ മുന്നൂറോ കൊല്ലത്തിനപ്പുറം, ഒരു സൈബർലോകസഞ്ചാരി മലയാളസാഹിത്യം തിരഞ്ഞുപോവില്ലെന്നും ഹരികുമാറിന്റെ www.e-harikumar.com എന്ന ഈ സൈറ്റിൽ എത്തിപ്പെടില്ലെന്നും? ആ കഥകൾ അയാൾക്കിഷ്ടപ്പെട്ടുവെന്നു വരാം, അവയേക്കുറിച്ച് ഒരു ലേഖനം എഴുതിയെന്നും വരാം. ആ ഒരൊറ്റ ലേഖനം അക്കാലത്തെ വായനക്കാരെ ഈ സൈറ്റിലേയ്ക്ക് ആകർഷിച്ചെന്നും ഇ. ഹരികുമാറിന്റെ കഥകൾ വീണ്ടും വീണ്ടും വായിയ്ക്കപ്പെട്ടെന്നും വരാം. അളക്കാനാവാത്ത ശുഭാപ്തിവിശ്വാസത്തിന്റെ പ്രതീകമാണ് ഈ സിഡിയുടെ രൂപത്തിൽ എന്റെ കയ്യിൽ ഇരിയ്ക്കുന്നതെന്ന് എനിയ്ക്കു തോന്നി.

'ഒരു വിശ്വാസി' എന്ന കഥ തന്റെ സാഹിത്യജീവിതത്തേക്കുറിച്ചു തന്നെയാണെന്ന് ഹരികുമാർ ഒരിടത്ത് പറയുന്നുണ്ട്. ആ കഥ അവസാനിയ്ക്കുന്നത് ഇങ്ങനെയാണ്: ''രാത്രി ഉറങ്ങാൻ കിടക്കുമ്പോൾ ഞാൻ വീണ്ടും എന്നിലേയ്ക്കു തിരിച്ചുവരുന്നു. എല്ലാം ആദ്യം മുതൽ തുടങ്ങണമെന്നാലോചിച്ചപ്പോൾ വിഷമം തോന്നി. പക്ഷേ ഈ നൂലാമാലകളിൽനിന്ന് ഊരി പുറത്തുകടക്കാൻ പറ്റുമെന്ന് എനിയ്ക്കുറപ്പുണ്ടായിരുന്നു. പിന്നെ ഉറക്കം വന്ന് കണ്ണുകളടഞ്ഞപ്പോൾ ഒരു പുതിയ ഓർമ്മ കാലത്തിന്റെ ഈർപ്പം നിറഞ്ഞ വഴികളിൽ പൂപ്പൽ പിടിയ്ക്കാൻ വിട്ടുകൊണ്ട്, മനുഷ്യനിൽ ഒരിയ്ക്കലും നശിയ്ക്കാത്ത വിശ്വാസവും മുറുകെപ്പിടിച്ചുകൊണ്ട് ഏകനായി നടന്നകലുന്ന ഒരു മനുഷ്യനെ ഞാൻ കണ്ടു. പിന്നെ അത്ഭുതമെന്നു പറയട്ടെ, മനസ്സ് യാതൊരു പകയ്ക്കും വിദ്വേഷത്തിനും ഇടകൊടുക്കാതെ ശാന്തമാവുന്നത് ഞാനറിഞ്ഞു.''

**(അഷ്ടമൂർത്തി)**